പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2480</u> <u>19/03/2015 ൽ മറുപടിക്ക്</u>

# 108 ആംബുലൻസ് സേവനം

| ചോദ്യം<br><br>ശ്രീ.വി.ചെന്താമരാക്ഷൻ<br>,, എം.ചന്ദ്രൻ<br>,, കെ. ദാസൻ<br>,, കെ.വി.അബ്ദുൾ ഖാദർ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 108 ആംബുലൻസ് സേവനം എല്ലാ ജില്ലകളിലേക്കും വ്യാപകമാക്കിയിട്ടുണ്ടോ ;ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; | (എ) | ഇല്ല. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ '108' ആംബുലൻസുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ഇതിന്റെ മാനേജിംഗ് ഏജൻസിയായി ആരെയാണ് നിശ്ചയിച്ചിരിക്കുന്നത് എന്നും അവർക്ക് ആംബുലൻസ് വാങ്ങാനുള്ള തുക കൈമാറിയിരുന്നുവോ എന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്നും അറിയിക്കാമോ; | (ബി) | കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് മാനേജിംഗ് ഏജൻസിയായി നിശ്ചയിച്ചിരിക്കുന്നത്. ട്രോമകെയർ പദ്ധതിയിൽ ഉൾപ്പെടുത്തി 287 ബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ വാങ്ങാനായി 40 കോടി രൂപ അവർക്ക് നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ (JSSK) ജനനി ശിശുസുരക്ഷ കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തി 283 പേഷ്യന്റ് ട്രാൻസ്പോർട്ട് ആംബുലൻസുകൾ വാങ്ങുവാനുള്ള നിർദ്ദേശം ദേശീയ ആരോഗ്യ മിഷനിൽ (NHM) നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത വാഹനങ്ങളുടെ പ്രവർത്തന ചിലവുകൾക്കായി സംസ്ഥാന സർക്കാർ ആദ്യവർഷം 40 % ഉം രണ്ടാംവർഷം 60 % ഉം മൂന്നാം വർഷം മുതൽ പ്രവർത്തന ചെലവിന്റെ 80 % ഉം വഹിക്കേണ്ടതാണ്. JSSK പദ്ധതിയിൽ ഉള്ള ആംബുലൻസുകളുടെ 100 % പ്രവർത്തന ചെലവുകൾ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നതാണ്. |
| (സി) | 108 ആംബുലൻസിനു പകരം 102 ആംബുലൻസ് പദ്ധതി പ്രകാരമുള്ള | (സി) | നിലവിൽ അഡ്വാൻസ്ഡ് ലൈഫ് സേവിംഗ് ആംബുലൻസുകൾക്കുള്ള സൗകര്യങ്ങൾ പൂർണ്ണമായും ഉപയോഗപ്രദമാകുന്നില്ല |

| | | | |
|---|---|---|---|
| | ബേസിക് ലൈഫ് സപ്പോർട്ട് മാത്രമുള്ള ആംബുലൻസ് വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം അറിയിക്കാമോ? | | എന്നതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ 287 ബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ വാങ്ങുവാൻ നിർദ്ദേശം നൽകിയത്. ട്രോമകെയർ പദ്ധതിയിൽ ഉൾപ്പെടുത്തി 287 ബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസുകളും ജനനി ശിശു സുരക്ഷാ കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തി 283 പേഷ്യന്റ് ട്രാൻസ്പോർട്ട് ആംബുലൻസുകളും വാങ്ങുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ ആംബുലൻസുകൾ എല്ലാംതന്നെ 108 എന്ന ടോൾഫ്രീ നമ്പറിൽക്കൂടി പ്രവർത്തിപ്പിക്കുവാനായാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ